# പത്രക്കുറിപ്പ്

2026 ലെ പൊതു തിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടികയിൽ അപാകതകളുണ്ടെങ്കിൽ ആയത് തിരുത്തുന്നതിനും, മരണപ്പെട്ടവരുൾപ്പെടെ ഒഴിവാക്കപ്പെടേണ്ടവരെ കണ്ടെത്തി ഒഴിവാക്കുന്നതിനും സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർ മാർ ബൂത്ത് ലെവൽ ഏജന്റുമാരുമായി അതത് പോളിംഗ് സ്റ്റേഷനുകളിൽ യോഗം ചേർന്ന് വോട്ടർ പട്ടിക പരിശോധിച്ച് അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് നടപ്പാക്കുന്നത്. ഇതിനായി നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും അംഗീകൃത രാഷ്ട്രീയ പാർട്ടികൾ അതത് പോളിംഗ് സ്റ്റേഷനിലെ ഒരു വോട്ടറെ ബൂത്ത് ലെവൽ ഏജന്റായി നിയമിക്കുന്നതിന് അംഗീകൃത രാഷ്ട്രീയ പാർട്ടികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബൂത്ത് ലെവൽ ഓഫീസറും അംഗീകൃത രാഷ്ട്രീയ പാർട്ടികൾ നിയമിക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാരും യോഗം ചേർന്ന്, 2025 ലെ സ്പെഷ്യൽ സമ്മറി റിവിഷന്റെ ഭാഗമായി ഓരോ പോളിംഗ് സ്റ്റേഷനിലും പുറത്തിറക്കിയ അന്തിമ വോട്ടർപട്ടിക പരിശോധിച്ച്, മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ലഭ്യമാക്കിയിട്ടുള്ള ചെക്ക് ലിസ്റ്റും യോഗത്തിന്റെ മിനിട്ട്സും തയ്യാറാക്കി ബൂത്ത് ലെവൽ ഓഫീസർമാർ നിശ്ചിത സമയപരിധിക്കകം നിയമസഭാ മണ്ഡലത്തിന്റെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ നിയമിക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാരുടെ വിവരം നിശ്ചിത പ്രൊഫോർമയിൽ മണ്ഡലത്തിന്റെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ക്ക് 01.03.2025 ന് മുൻപ് നൽകുന്നതിനാണ് എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളത്. വോട്ടർ പട്ടികയിലെ അപാകതകൾ സംബന്ധിച്ച് പൊതുജനങ്ങളുടെ ഭാഗത്ത് നിന്നുള്ള പരാതികളും BLO-BLA മീറ്റിംഗിൽ പരിശോധിക്കുന്നതായിരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ അറിയിച്ചു.